# മിനുക്കപ്പെട്ട ജീവിതം ദൈവിക ദൗത്യത്തിനുള്ള മാനദണ്ഡം

## 1 ശമുവേൽ 17:40

**"പിന്നെ അവൻ തന്റെ വടി എടുത്തു, തോട്ടിൽ നിന്നും മിനുസമുള്ള അഞ്ചുകല്ലും തെരഞ്ഞെടുത്തു. ഇടയസഞ്ചിയായ പൊക്കണത്തിൽ ഇട്ടു. കൈയ്യിൽ കവിണയുമായി ഫെലിസ്ത്യനോടു അടുത്തു."**

ആട്ടിടനായ ദാവിദിന് ഫെലിസ്ത്യമല്ലനെ തോല്പിക്കാൻ ആവശ്യമായി വന്നത് തന്റെ സഞ്ചിയിലുണ്ടായിരുന്ന കല്ലും കവിണയും മാത്രമായിരുന്നു. അനേകതവണ നാം വായിച്ചും ധ്യാനിച്ചും സുപരിചിതമായ വേദഭാഗം. മിനുസമുള്ള അഞ്ചുകല്ലുകൾ ആണ് അവന്റെ കൈവശം ഉണ്ടായിരുന്നത്. അതിൽ ഒരെണ്ണത്തിനേ ഉപയോഗം ഉണ്ടായിരുന്നുള്ളു.

അതേ, മിനുസപ്പെടുത്തലിന്റെ ഒരു അനുഭവം. അതായിരുന്നു ഈ കല്ലുകളുടെ പ്രത്യേകത. കൂടാതെ ഒരെണ്ണം ധൃതിപ്പെട്ട് ദാവീദിന്റെ കൈയ്യിലേക്ക് കുതിച്ചുകയറി. ശത്രുവിനെതിരെ പോരാടാനായുള്ള ഒരുക്കം എത്ര അധികം.

ജീവിതമാകുന്ന ഏലാ താഴ്‌വരയിൽ ഇന്ന് ഫെലിസ്ത്യമല്ലൻ വെല്ലുവിളിച്ചുകൊണ്ട് ദൈവജനത്തിനെതിരെ ഒരുങ്ങിനിൽക്കുകയാണ്. ഈ വെല്ലുവിളിയെ ജയത്തോടെ നേരിടണമെങ്കിൽ മിനുസപ്പെട്ട ഈ കല്ലുകളെപ്പോലെ ജീവിതത്തിൽ ഒരു മിനുക്കം അഥവാ ശുദ്ധീകരണം നമുക്ക് ആവശ്യമാകുന്നു. കൂടാതെ ശത്രുവിനെതിരെ പോരാടുവാനുള്ള ഒരുക്കം അഥവാ ജാഗ്രത ഏതുനിമിഷവും ഉണ്ടായിരിക്കണം എന്നും നാം ഇതിലൂടെ മനസ്സിലാക്കുന്നു. മിനുസമുള്ളതെങ്കിലും ജാഗ്രതയോടെ ഒരുങ്ങിയിരുന്നവൻ ആദ്യം കൈയ്യിലേക്ക് തന്നെ ഉപയോഗിക്കാനായി വിട്ടുകൊടുത്തു.

പരുപരുത്തതായ ജീവിതത്തിന്റെ അനുഭവങ്ങളെ, മേഖലകളെ ശോധനചെയ്യാൻ വചനം നമ്മെ ഇടയാക്കട്ടെ. കുശവന്റെ കൈയ്യിലെ മൺപാത്രം പോലെ കേടുപാടുള്ളതിനെ എല്ലാം ഒന്നു മിനുക്കി പണിയാൻ ദൈവത്തോട് അപേക്ഷിക്കാം. ഒരു ശുദ്ധീകരണം, സമർപ്പണം, പുതുക്കത്തിന്റെ അനുഭവം. കർത്താവ് അതിനായി സഹായിക്കട്ടെ. അപ്പോൾ തന്റെ വാഗ്ദത്ത പൂർത്തീകരണത്തിനും, ശുശ്രൂഷയുടെ വിവിധങ്ങളായ തലങ്ങളിലേക്കും കർത്താവ് നമ്മെ അനുഗ്രഹിക്കും. ഗോല്യാത്തിനെതിരായി ഉയരാൻ ഒരുങ്ങിനിന്ന അഞ്ചുകല്ലുകളിൽ ഒരെണ്ണമായി തീരാൻ ഇടയാകട്ടെ. അതേ, ശത്രുവിന്റെ തലയെ തകർക്കാനുള്ള ശക്തി ഇന്നു നമ്മിൽ നിക്ഷിപ്തമാണ്. അതിന്റെ പൂർത്തീകരണത്തിനായി, വിശുദ്ധിയോടെ, സമർപ്പണത്തോടെ, തിടുക്കത്തോടെ, ഒരുക്കത്തോടെ കർതൃകരങ്ങളിൽ

ഏല്പിച്ചുകൊടുക്കാം. വെല്ലുവിളിക്കുന്നവനെ തകർക്കുന്ന മേഖല ദൈവികശക്തിയിൽ തിരിച്ചറിഞ്ഞ് ദാവീദിനെപ്പോലെ നമുക്കും ജയം പ്രാപിക്കാം. കർത്താവ് സഹായിക്കട്ടെ.

പരാമർശം :

1 തെസ്സലൊനീക്യർ 4:3

ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 095